**യൂണിറ്റ് ഒന്ന്**

**യൂണിറ്റിന്റെ പേര്: പറവകൾ പാറി**

ക്ലാസ് ഒന്ന്, ഡിവിഷൻ- കുട്ടികളുടെ എണ്ണം തീയതി

<table>
<tr><th>പ്രക്രിയാപേജ്</th><th>വിലയിരുത്തൽ പേജ്</th></tr>
<tr><td>
പ്രവർത്തനത്തിന്റെ പേര്- വായനോത്സവം ,കഥാവേള<br>
പഠനലക്ഷ്യങ്ങൾ<br>
1. കഥാവേളകളിൽ ചെറുസദസിനു മുൻപിൽ കഥ ഭാവാത്മകമായി പറയുന്നു.<br>
2. കേട്ടതോ വായിച്ചതോ ആയ കഥകൾ ആശയ ചോർച്ചയില്ലാതെയും ഭാവം ഉൾക്കൊണ്ടും സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു.<br>
പ്രതീക്ഷിത സമയം: 40 മിനുട്ട്<br>
കരുതേണ്ട സാമഗ്രികൾ: കഥാപുസ്തകങ്ങൾ ഒരു കുട്ടിക്ക് ഒന്നുവീതം<br>
പ്രവർത്തനം<br>
1. മലായാളമധുരം പരിപാടിയുടെ ഭാഗമായി ലഭിച്ച കഥാപുസ്തകങ്ങൾ കുട്ടികൾക്ക് കൊടുത്തുവിടുന്നു<br>
2. ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ വായനോത്സവം സംബന്ധിച്ച നിർദ്ദേശം പങ്കിടുന്നു. ക്ലാസ് പിടി എയിൽ വായനരീതി പരിചയപ്പെടുത്തുന്നു. പരിശീലിക്കാൻ അവസരം ഒരുക്കുന്നു.<br>
3. വായനോത്സവം പോസ്റ്റർ ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിടുന്നു.<br>
4. ഓൺലൈൻ യോഗത്തിൽ വിശദീകരണം നടത്തുന്നു. വായനോത്സവം, കഥോത്സവം ഇവ ഈ യോഗത്തിൽ വിശദീകരിക്കുന്നു.<br>
5. രക്ഷിതാവ് കുട്ടിക്ക് കഥ വായിച്ചുകൊടുക്കണം. (ഭാവാത്മകമായി വായിക്കുന്നതിന്റെ വീഡിയോ ടീച്ചർ പങ്കിട്ടത് മാതൃകയാക്കാം.)<br>
6. വായിച്ചുകേട്ട കഥ കുട്ടി രക്ഷിതാക്കളോട് പറയണം. അത് മൊബൈലിൽ പകർത്തി ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിടാം.<br>
7. വായിച്ചുകേട്ട കഥകള്എല്ലാദിവസവും രാവിലെ കഥാവേളയിൽ കുട്ടികൾ അവതരിപ്പിക്കുന്നു. ഒരു ദിവസം രണ്ടുപേർ. എല്ലാവർക്കും അവസരം ഉറപ്പാക്കുന്നു.<br>
8. അവതരിപ്പിച്ചവരുടെ പേരും കഥയുടെ പേരും വളരുന്ന ചാർട്ടിൽ രേഖപ്പെടുത്തുന്നു.<br>
9. ഓരോ ആഴ്ചയിലും പുസ്തകങ്ങൾ മാറിനൽകുന്നു<br>
10. ടീച്ചറും കഥ അവതരിപ്പിക്കുന്നു (ഭാവാത്മകമായി)<br>
11. സന്നദ്ധതയുള്ള രക്ഷിതാക്കൾക്കും കഥ ഭാവാത്മകമായി വായിക്കുന്നതിന്റെ വീഡിയോ ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിലിടാം.<br>
12. ഔപചാരിക ഉദ്ഘാടനം ജൂൺ 19 ന്<br>
ഗുണനിലവാരസൂചകങ്ങൾ<br>
• ആശയച്ചോർച്ചയില്ലാതെ കഥ പറയാനുള്ള കഴിവ്<br>
• ഭാവം ഉൾക്കൊണ്ട് കഥ പറയാനുള്ള കഴിവ്<br>
• എല്ലാവർക്കും കേൾക്കാനാകും വിധം വ്യക്തതയോടെയും ഉച്ചത്തിലും പറയാനുള്ള കഴിവ്<br>
• സദസ്സിന് അഭിമുഖീകരിക്കാനുള്ള കഴിവ്<br>
• കഥയെ വിലയിരുത്തി സംസാരിക്കാനുള്ള കഴിവ്<br>
• കഥാപുസ്തകത്തിലെ ചിത്രങ്ങൾ പ്രയോജനപ്പെടുത്തി കഥ പറയാനുള്ള കഴിവ്<br>
• കേട്ട് ആശയം ഗ്രഹിക്കാനുള്ള കഴിവ്
</td><td>
ആശയക്രമീകരണം പാലിച്ച് കഥ അവതരിപ്പിക്കുന്നതിന് എല്ലാ കുട്ടികൾക്കും കഴിയുന്നുണ്ടോ?<br><br>
ഭാവാത്മകമായി കഥ പറയാൻ കഴിയുന്നവരാരെല്ലാം?<br><br>
ആർക്കൊക്കെയാണ് കഥ പറയലിൽ പിന്തുണ ആവശ്യമായിട്ടുള്ളത്?<br><br>
വീട്ടിൽ വെച്ച് കഥകൾ വായിച്ചുകൊടുക്കാൻ കഴിയാത്ത രക്ഷിതാക്കളുടെ കുട്ടികൾക്ക് കഥാനുഭവം ഒരുക്കുന്നതിന് സ്വീകരിച്ച തന്ത്രം എന്ത്?<br><br>
ഓരോ ദിവസവും കഥാവതരണം വിലയിരുത്തി കുട്ടികൾക്ക് പറയാൻ അവസരം നൽകിയത് ഗുണം ചെയ്തുവോ?<br><br>
ആരൊക്കെയാണ് കഥാവതരണവേളയിൽ ചിത്രങ്ങൾ പ്രയോജനപ്പെടുത്തിയത്?<br><br>
ഏതെല്ലാം സൂചകങ്ങളിൽ ഇനിയും പിന്തുണ ആവശ്യമുണ്ട്?
</td></tr>
</table>